LIBRARY ARCHIVES Kerala Legislative Assembly

സഹകരണമേഖലയിൽ കടാശ്വാസ കമ്മീഷൻ

107(2145) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സഹകരണ മേഖലയിൽ കടാശ്വാസ കമ്മീഷൻ ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിരുന്നോ; എങ്കിൽ അതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(ബി) നിയമവും ചട്ടവും പരിഷ്കരിക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സഹകരണ മേഖലയിൽ കടാശ്വാസ കമ്മീഷൻ ആരംഭിക്കുമെന്ന പ്രഖ്യാപനം നടത്തിയിട്ടില്ല.

(ബി) സഹകരണസംഘം നിയമവും ചട്ടങ്ങളും ഭേദഗതി ചെയ്യുന്നതിന് ശ്രീ. ശിവദാസൻ നായർ, എം.എൽ.എ. അദ്ധ്യക്ഷനായി ഒരു വിദഗ്ധ കമ്മിറ്റിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

വായ്പാത്തട്ടിപ്പ്

108(2146) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ വൻ വായ്പാത്തട്ടിപ്പ് നടന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) ഏറ്റവും കൂടുതൽ തട്ടിപ്പ് നടന്നത് ഏത് ജില്ലയിലാണ്; എത്ര കോടി തട്ടിപ്പ് നടത്തിയെന്ന് വ്യക്തമാക്കാമോ;